# പ്രാചീന മണിപ്രവാളകൃതികളിലെ നാണയവിനിമയം

**ഹർഷ സിറിയക്,**

ഗവേഷക

എം.ജി. കോളേജ്,

തിരുവനന്തപുരം.

Email: harshacyriac1991@gmail.com

**സംഗ്രഹം**

ചരിത്രത്തിന്റെ പ്രധാന പുരാവസ്തുസ്രോതസ്സുകളിൽ ഒന്നാണ് നാണയങ്ങൾ. ഓരോ നാടിന്റെയും ചരിത്രവും സംസ്കാരവും കൃത്യമായി രേഖപ്പെടുത്തുവാൻ ഇവ സഹായകരമാണ്. വേദകാലംമുതൽ വിലയേറിയ ലോഹത്തിന്റെ എണ്ണമറ്റ യൂണിറ്റുകൾ വിനിമയത്തിനായി ഉപയോഗിച്ചിരുന്നതിന് തെളിവുകളുണ്ട്. രാജ്യം, ഭാഷ, ഭരണം, മതം, സാമ്പത്തികസ്ഥിതി എന്നിവയെക്കുറിച്ചുള്ള വിലപ്പെട്ട അറിവുകൾ നൽകുന്നവയാണ് നാണയങ്ങൾ. പ്രാചീന മണിപ്രവാള സാഹിത്യകൃതികളിൽ ഇവയ്ക്ക് സവിശേഷമായ സ്ഥാനം ഉണ്ട്. കേരളീയ സാമൂഹിക സാംസ്കാരിക ജീവിതത്തിൽ നാണയങ്ങൾക്കുള്ള പ്രാധാന്യം എത്രത്തോളമുണ്ടെന്ന് പ്രാചീന സാഹിത്യകൃതികളെ മുൻനിർത്തി അന്വേഷിക്കുന്നതാണ് ഈ പ്രബന്ധം.

**താക്കോൽ വാക്കുകൾ:** പ്രാചീനസാഹിത്യകൃതികൾ, നാണയവ്യവസ്ഥ, കൈമാറ്റവ്യവസ്ഥ, ചരിത്രം, സംസ്കാരം.

ഒരു നാടിന്റെ ചരിത്രവും സംസ്കാരവും സത്യസന്ധമായി അടയാളപ്പെടുത്താൻ ചരിത്രകാരൻമാരെ സഹായിക്കുന്നതിന് നിരവധി ഉപാദാനങ്ങളുണ്ട്. നാണയങ്ങൾ, ശിലാരേഖകൾ, ചെമ്പ് ശാസനങ്ങൾ, ചരിത്രത്തിന്റെ ഈടുവയ്പ്പുകൾ ഇങ്ങനെ പലതും അതിന് അവലംബമായികിട്ടുന്നു. മേൽപറഞ്ഞ വസ്തുതകളിൽ പലതും നമ്മൾ കണ്ടെടുത്ത് ഗവേഷണം നടത്തി അതിന്റെ കാലഗണന നിർണ്ണയിക്കുമ്പോൾ വളരെ പ്രയോജനമായി ഭവിക്കുന്നത് സാഹിത്യകൃതികളാണ് എന്നതാണ് വസ്തുത. കാരണം മേൽപറഞ്ഞ വസ്തുതകളുടെയെല്ലാം സൂചനകൾ ഉള്ളത് പ്രാചീനസാഹിത്യകൃതികളിലാണ്. കണ്ടെടുത്ത ഉപാദാനങ്ങളിൽ കൃത്യത പുലർത്താൻസഹായിക്കുന്ന ഒന്നും കണ്ടെന്നുവരില്ല. അപ്പോൾ ചരിത്രകാരൻ പലപ്പോഴും അനുബന്ധ

സഹായകമായി പ്രാപിക്കുന്നത് പ്രാചീനകൃതികളെയാണ്.

കേരളസംസ്കാരത്തെക്കുറിച്ചുള്ള ചരിത്രപഠനത്തിൽ നമ്മളെ ഏറെ സഹായിച്ചിട്ടുള്ളത് മണിപ്രവാളകൃതികളാണ്. അവയിൽ പരാമർശിച്ചിട്ടുള്ള വലിയ വണികവൈശ്യ സംഘങ്ങളുടെ ചിത്രീകരണവും അങ്ങാടികളുടെ വർണ്ണനകളും സാധനങ്ങളുടെ കൈമാറ്റ വ്യവസ്ഥിതിയുമെല്ലാം മുമ്പ് സൂചിപ്പിച്ച ചരിത്രാവശിഷ്ടങ്ങളുടെ കൃത്യതയിലേയ്ക്ക് പോകുവാൻ ഏറെ സഹായകമാകുന്നു. അക്കൂട്ടത്തിൽ പ്രാധാന്യം അർഹിക്കുന്ന കൃതികളാണ് ഉണ്ണിയച്ചീചരിതം, ഉണ്ണിച്ചിരുതേവീചരിതം, ഉണ്ണിയാടീചരിതം, അനന്തപുരവർണനം, ഉണ്ണുനീലിസന്ദേശം എന്നിവ. ഇതിൽ പലയിടത്തായി പരാമർശിക്കുന്ന അങ്ങാടിവർണ്ണനകളിൽ നിന്നും കൈമാറ്റ സാധനങ്ങളുടെ വിവരണങ്ങളിൽ നിന്നും അന്നുണ്ടായിരുന്ന നാണയവ്യവസ്ഥയുടെയും നാണയങ്ങളുടെയും ചില സൂചനകളും വിശദീകരണങ്ങളും കൃത്യമായി നമുക്ക് ലഭിക്കുന്നു.

ആനയച്ച് എന്ന നാണയം അന്ന് പ്രചാരത്തിൽ ഉണ്ടായിരുന്നതായി ഉണ്ണിയച്ചീ ചരിതത്തിൽ നിന്നും മനസ്സിലാക്കാം.

> "ചോനകക്കുതിര ചോണാട്ടു വിറ്റാൽ നമ
> ക്കാനയച്ചുടനിരണ്ടായിരം കിട്ടുമി
> ന്റാനവിറ്റാലുമയ്യായിരം കിട്ടലാം"[1]

എന്ന സൂചന ഇക്കാര്യമാണ് ബോധ്യപ്പെടുത്തുന്നത്. ബാട്ടർസമ്പ്രദായ കൈമാറ്റം ഉണ്ടെങ്കിലും അന്ന് നാണയം ഉണ്ടായിരുന്നുവെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. കുതിരയെ വിൽക്കുമ്പോൾ പകരമായി നാണയം കൊടുക്കുന്നതും ആനയെ വിറ്റാൽ അയ്യായിരം കിട്ടുന്നതും ആ നാണയത്തിന് ആനയച്ച് എന്ന പേരുണ്ടായിരുന്നു എന്ന വസ്തുതയും പതിമൂന്നാം നൂറ്റാണ്ടിൽ നാണയവ്യവസ്ഥ നടപ്പിലായിരുന്നു എന്നും അതിനൊരു പേരുണ്ടായിരുന്നു എന്നുമുള്ള കാര്യം വെളിവാക്കുന്നു. ഒരു പ്രദേശത്തിന്റെ സമ്പദ്‌വ്യവസ്ഥയെ അവിടുത്തെ ഉൽപന്നങ്ങളുടെയും അവിടെ പ്രചാരത്തിലുള്ള നാണയങ്ങളുടെയും സമൃദ്ധിയുമായി ബന്ധപ്പെടുത്തി കണക്കാക്കാം. പ്രാചീനകേരളത്തിൽ പ്രചാരത്തിലിരുന്ന നാണയങ്ങളുടെ വൈവിധ്യം ആരെയും അത്ഭുതപ്പെടുത്തും. ഉണ്ണിച്ചിരുതേവീചരിതത്തിലും ഇതിന് സമാനമായ വിവരണങ്ങൾ കാണാവുന്നതാണ്. അങ്ങാടികളെക്കുറിച്ചുള്ള പരാമർശം നാണയ കൈമാറ്റ വ്യവസ്ഥിതി ഉണ്ടായിരുന്നു എന്നതിന് തെളിവാണ്.

പതിനാലാം ശതകത്തിന്റെ അന്ത്യപാദത്തിൽ രചിച്ച ഉണ്ണിയാടീചരിതത്തിലും വിവിധതരം നാണയങ്ങളെക്കുറിച്ച് പരാമർശിക്കുന്നു.

> "കാച്ചും പൊന്നും പണവുന്ത്രമവും
> വെള്ളിക്കാച്ചും നവരത്നങ്ങളും
> ആഭരണങ്ങളുമച്ചുന്നല്ലുതുരിക്കക്കാച്ചും
> മുമ്മുറിയും പല വെള്ളിപ്പണവും
> ചോഴിയർകാച്ചും മാ ചണിഉളികയും-

മ്മുണ്ടിയവട്ടും പുടവപ്പൊന്നും കനകപ്പൊടിയും
വെള്ളിക്കട്ടിയുമിന്നും പലതും കൊണ്ടു
കൊട്ടുത്തും പണവും പെരികെ കുന്റിച്ചൊന്റു-
മിറന്ന കരിമ്പടമദ്ധ്യേ ചംപടമിട്ടും"[2]

എന്ന സൂചനയിൽ നിന്ന് ദക്ഷിണേന്ത്യയിൽ പ്രചാരത്തിലിരുന്ന ഒരു ചെമ്പു നാണയം ആണ് കാശ് എന്നും പിന്നീട് നാണയം എന്ന സാമാന്യാർത്ഥത്തിൽ പ്രയോഗത്തിലായി എന്നും മനസ്സിലാക്കാം. ലോഹത്തിന്റെ വ്യത്യാസമനുസരിച്ച് പൊൻകാശും വെള്ളിക്കാശും ചെമ്പുകാശും പ്രചാരത്തിൽ ഉണ്ടായിരുന്നു. നിഷ്ക എന്ന പേരിലും പ്രചരിച്ച ഒരു സ്വർണ്ണ നാണയമാണ് പൊന്ന്. ഇതിന് മാടൈ എന്നും പറഞ്ഞിരുന്നു. തിരുവിതാംകൂറിൽ നിലവിലിരുന്ന ഒരു വെള്ളിനാണയം ആണ് പണം. നാലു ചക്രം കൂടിയതാണ് ഒരു പണം. പിന്നീട് നാണയമെന്ന സാമാന്യാർത്ഥം ഇതിനുമുണ്ടായി. തിരമം എന്ന നാണയം, അച്ച് എന്ന പഴയ നാണയം (ഇരുപതു കലിയൻ പണം അഥവാ പതിനെട്ട് തിരമം ചേർന്നതാണ് ഒരു അച്ച്), മഹമ്മദീയ രാജാക്കന്മാർ പ്രചരിപ്പിച്ച തുലിക്കക്കാശ്, ചോഴമണ്ഡലത്തിൽ പ്രചാരത്തിലിരുന്ന ചോഴിയർകാശ്, മുമ്മുറി, മാചണിഗുളിക തുടങ്ങി അങ്ങാടികളിൽ നിലവിലിരുന്ന സ്വദേശത്തുള്ള നാണയങ്ങൾ ഈ കൃതിയിൽ പരാമർശിക്കുന്നു. വളരെയേറെ വികസിച്ച ഒരു സമ്പത്ത് വ്യവസ്ഥയിൽ മാത്രമേ ഇത്രയേറെ നാണയങ്ങൾ പ്രചാരത്തിലുണ്ടാവൂ. ജനങ്ങൾ കൃഷി ചെയ്തുണ്ടാക്കുന്ന ഉൽപന്നങ്ങൾ വാങ്ങാനും അവരുടെ നാട്ടിലെ വസ്തുവകകൾ വില്ക്കാനുമായി വരുന്ന വണിക്കുകൾ ഉൾപ്പെടുന്ന സമൂഹത്തെ വർണ്ണിക്കുവാനും അന്ന് നിലവിലിരുന്ന വിപണനരീതി എന്ത് എന്നുള്ള അറിവ് നല്കാനും ഈ കൃതികൾക്ക് കഴിയുന്നു.

അനന്തപുരവർണനം പേര് സൂചിപ്പിക്കുന്നതുപോലെതന്നെ അനന്തപുരിയുടെ വർണ്ണനയാണ്. തിരുവനന്തപുരത്തിന്റെ ചരിത്രവിവരണങ്ങളോടൊപ്പം വിലപിടിപ്പുള്ള വസ്തുതകൾ ചരിത്രവിഷയകമായി ഈ കൃതി വെളിച്ചത്ത് കൊണ്ടുവന്നു. ചരിത്രപരമായ ചില അബദ്ധധാരണകളും ഭിന്നാഭിപ്രായങ്ങളും തിരുത്താൻ സഹായിച്ചുകൊണ്ട് ഈ കൃതി ഏറെ പ്രശസ്തി നേടി. ഉദാഹരണമായി കാന്തള്ളൂർശാല കേരളത്തിൽ നിലനില്ക്കുന്നതാണോ അല്ലെങ്കിൽ അതിന്റെ സ്ഥാനം എവിടെയാണ് എന്ന ചരിത്രകാരൻമാരുടെ സംശയത്തിന് വ്യക്തമായ ഉത്തരം നൽകാൻ അനന്തപുരവർണനത്തിന് സാധിച്ചു. അക്കാലത്തെ ഭൂമിശാസ്ത്രപരമായ അവസ്ഥകളും പ്രധാന ക്ഷേത്രങ്ങളുടെ വിശേഷങ്ങളും ചരിത്രപരമായി പ്രാധാന്യം അർഹിക്കുന്ന അങ്ങാടി തുടങ്ങി മറ്റുപല വസ്തുതകളും ഈ കൃതി ഉൾക്കൊള്ളുന്നു. ക്ഷേത്രങ്ങൾക്കു പുറമേ അനന്തപുരത്ത് താമസിക്കുന്ന ജനവിഭാഗങ്ങൾ, അവിടുത്തെ അങ്ങാടികൾ, കച്ചവടസ്ഥാപനങ്ങൾ, അവിടെ പ്രചാരത്തിലിരിക്കുന്ന നാണയങ്ങൾ, കൈമാറ്റരീതികൾ എന്നിങ്ങനെ ഒട്ടുവളരെ കാര്യങ്ങളെപ്പറ്റി വിലപ്പെട്ട പല വിവരങ്ങളും ഈ കൃതിയിൽ നിന്ന് ലഭിക്കുന്നുണ്ട്.

"നെല്ലിന്നരിചി താവന്റു
ചൊല്ലിച്ചിലരഴയ്ക്കയും
തേങ്ങാ താ വെറ്റിലയ്ക്കെന്റും
മാങ്ങാ തരുവനെൻകയും"[3]

എന്നവരികൾ അന്ന് ബാട്ടർ സമ്പ്രദായ രീതി നിലവിൽ ഉണ്ടായിരുന്നു എന്നത് വ്യക്തമാക്കുന്നു. നെല്ലിനു പകരം അരി തന്നാലുമെന്ന് ചിലർ ചോദിക്കുകയും വെറ്റിലയ്ക്കു പകരം തേങ്ങ ആവശ്യപ്പെടുകയും എന്നാൽ മാങ്ങാ തരാമെന്ന് പറയുകയും ചെയ്യുന്നത് കൈമാറ്റ വ്യവസ്ഥയിൽ ഉള്ള ചില സാധനങ്ങളെക്കുറിച്ചുള്ള സൂചനകളാണ്. ഗ്രാമപ്രദേശങ്ങളിൽ പ്രത്യേകിച്ച് കൊയ്ത്തുകാലത്ത് കൂലിയായി കിട്ടുന്ന നെല്ലുകൊടുത്ത് ഉപ്പും മുളകും മറ്റവശ്യസാധനങ്ങളും വാങ്ങുന്നത് സാധാരണമാണ്. സാധനകൈമാറ്റ രീതി അന്നും ഇന്നും നിലനില്ക്കുന്നു. ഫ്രിഡ്ജ് കൊടുത്ത് ടി.വി വാങ്ങിക്കുകയും ടി.വി കൊടുത്ത് വാഷിങ് മെഷിൻ വാങ്ങിക്കുകയും ചെയ്യുന്ന ഇന്നത്തെ എക്സ്ചേഞ്ച് മേളകൾ ആധുനിക ബാട്ടർസമ്പ്രദായ രീതിയ്ക്ക് തെളിവാണ്. അങ്ങനെ സാധനകൈമാറ്റം പറയുമ്പോഴും നാണയത്തെ അവർ മറക്കുന്നില്ല. കലിംഗർ, ചോനകർ, കുടയാരിയർ, തുലിംഗർ എന്നിങ്ങനെ കച്ചവടം ചെയ്യുന്ന പല സമൂഹക്കാരും അവർ പെരുമാറുന്ന നാനാതരം സാധനങ്ങളും അവയ്ക്കുള്ള കൈമാറ്റമായി കാശ്, തിരമം, പണം എന്നീ നാണയങ്ങളും അങ്ങാടികളിൽ പ്രചാരത്തിലുണ്ടായിരുന്നു.

"കഴച്ചിക്കൽ നരിക്കല്ലും
തുടിയെന്റേവമാദിഭിഃ
നാനാജാതികൾ കണ്ടപ്പാൽ
ആനയച്ചോരു വീതിയിൽ"[4]

എന്ന സൂചനയിൽ നിന്ന് അച്ച്, ആനയച്ച് എന്നീ രണ്ട് നാണയങ്ങൾ അന്ന് പ്രചാരത്തിൽ ഉണ്ടായിരുന്നതായും അച്ച് പതിച്ചുണ്ടാക്കുന്ന നാണയമാണ് അച്ച് എന്നും ആനയുടെ മുദ്രയുള്ള സ്വർണ്ണനാണയമാണ് ആനയച്ച് എന്നും മനസ്സിലാക്കാം. സമാനമായി വേറെ പല നാണയങ്ങളും ഇവിടെ പ്രചാരത്തിൽ ഉണ്ടായിരുന്നു. അവയുടെ പേരു പോലും ഇന്ന് വിസ്മൃതിയിൽ ആണ്ടുപോയി.

"ശ്രീകാളൻ കലശൻ ശ(ം)ഖൻ
ശ്രീമാൻ പഴയകാളയും
ശ്രീധരൻ തിനയൻ മുള്ളൻ
ശ്രീകണ്ഠൻ ചിരിചക്കിയും.

വില്ലൻ വിലങ്ങൻ വിറയൻ
മല്ലനും തിരുമാമല
സന്തോഴനമൃതൻ ശൃംഗി-
ലതയൻ മണിയദ്വിജൻ.

മുത്തിൻകുടയനും കീർത്തി
കത്തിയൻ മുതൽമാമല.


ISSN: 2582 - 2594

കിരികോടങ്ങൾ പോയഞ്ചു
മീരഞ്ചും കാശുഭാഗമും
കട്ടിപ്പൊന്നും പണിപ്പൊന്നും
എട്ടോ പാതി പണന്ത്രുമും"[5]

ഈ പേരുകൾ കാണുമ്പോൾ നമ്മുടെ പഴയകാലത്തെപ്പറ്റി എന്ത് അറിയാമെന്ന് അമ്പരന്നുപോകുന്നു. ആനയച്ച്, ശ്രീകാളൻ, കലശൻ, ശംഖൻ തുടങ്ങിയ ധാരാളം നാണയങ്ങളെ പരാമർശിച്ചു കാണുമ്പോൾ, ആനയച്ച്, കാശ്, പണം, തിരമം തുടങ്ങിയവയാണ് അക്കാലത്ത് ഇവിടെ പൊതുവ്യവസ്ഥയിൽ ഉണ്ടായിരുന്ന നാണയങ്ങൾ എന്നും മറ്റുള്ളവ പ്രാദേശികവ്യവസ്ഥകളിൽ ഉള്ള നാണയങ്ങൾ ആയിരുന്നുവെന്നും ഈ കൃതികളിൽ നിന്ന് മനസ്സിലാക്കാം. "ഇവയുടെ പേര് മലയാളമോ സംസ്കൃതമോ, ആണെന്ന കാര്യം ശ്രദ്ധിക്കണമെന്നും, ഇവിടെ വ്യാപാരത്തിനു വന്ന തുലിംഗരും മറ്റും കൊണ്ടുവന്നവയായിരിക്കാം ഒരു പക്ഷേ ഇവയെന്നും അല്ലെങ്കിൽ വലിയ ഹുണ്ടികവ്യാപാരികൾ അച്ചടിപ്പിച്ച നാണയങ്ങൾ ആയിരിക്കുമോ ഇവയെന്നും"[6] ശൂരനാട്ടു കുഞ്ഞൻപിള്ള സംശയിക്കുന്നു. ഇതിൽ ഒരു തെറ്റുണ്ട്. അദ്ദേഹം പറഞ്ഞ അബദ്ധം പുറമേ നിന്നും നാണയം ഇവിടെ പ്രചാരത്തിൽ ഉണ്ടായിരുന്നു എന്നതാണ്. പുറമേ നിന്ന് വന്നവർ കൊണ്ടുവന്ന നാണയമാണ് ഇവിടെ കച്ചവടത്തിന് ഉപയോഗിച്ചതെങ്കിൽ സാധനം വിറ്റുകിട്ടുന്ന ആ നാണയം കൊണ്ട് ഇവിടുത്തുകാർക്ക് എന്തുലാഭം. അപ്പോൾ എല്ലായിടത്തും പ്രചാരത്തിലിരുന്ന നാണയങ്ങളായിരുന്നു ഇതെന്ന് പറയുന്നതാണ് ഉചിതം. "ശ്രീകാളൻ, കലശൻ തുടങ്ങിയവ സംസ്കൃതനാമങ്ങളും വില്ലൻ, വിലങ്ങൻ തുടങ്ങിയവ ദ്രാവിഡ നാമങ്ങളുമാണെന്നാണ്"[7] കെ. രത്നമ്മ 'അനന്തപുരവർണനം പാഠവും പഠനങ്ങളും' എന്ന പുസ്തകത്തിൽ പറയുന്നത്. ഇവയുടെ പേര് മലയാളമോ, സംസ്കൃതമോ അല്ല അന്നത്തെ നാട്ടുഭാഷാപദങ്ങളായിരിക്കാനാണ് സാധ്യത. ചെമ്പുകാശ്, തങ്കക്കാശ്, അറബിക്കാശ് എന്നിങ്ങനെ പലതരം കാശുകളും നാണയകൈമാറ്റ വ്യവസ്ഥയും ഉണ്ടായിരുന്നു എന്നത് അനന്തപുരവർണനം തെളിയിക്കുന്നു.

മണിപ്രവാളകാലഘട്ടത്തിന്റെ മധ്യമമണി എന്ന് വിശേഷിപ്പിക്കുന്ന ഉണ്ണുനീലി സന്ദേശത്തിലും അങ്ങാടി വർണ്ണനകൾ കാണുന്നു. പലതരം അരിയും നെല്ലും കയറും ചട്ടിയും പട്ടും പട്ടുനൂലുമെല്ലാം അങ്ങാടിയിൽ എത്തിയിരുന്നതിനെക്കുറിച്ചുള്ള വിവരണങ്ങൾ ഇതിലുണ്ട്.

"വില്പാൻ ചെല്കിൽ ത്രിഭുവനമിദം കൊള്ളുമാറാർജിതാർത്ഥൈ-
രാര്യപ്രായൈരിനിയവചസാമാര്യവംശപ്രധാനൈഃ
നാനാരത്നദ്രവിണമണിയിന്റാപണശ്രേണിതോറും
നാണിപ്പോമാറളക നളിനപ്പെൺ കളിച്ചീടുമേടം"[8]

വിൽക്കാൻ കൊണ്ടു ചെല്ലുകയാണെങ്കിൽ ദേവലോകം ഉൾപ്പെടെയുള്ള സകല ലോകങ്ങളും വാങ്ങിക്കുവാൻ സമ്പത്തുള്ള കച്ചവടക്കാർ നിറഞ്ഞ പ്രദേശമായിരുന്നു കടുത്തുരുത്തി എന്നാണ് ഉണ്ണുനീലിസന്ദേശകാരൻ ഈ ശ്ലോകത്തിലൂടെ പറഞ്ഞുവയ്ക്കുന്നത്. അതിൽനിന്ന് മനസ്സിലാക്കാവുന്നത് അവരുടെ സമ്പത്ത് നാണയങ്ങൾക്ക് തുല്യമായ ഏതോ രൂപത്തിൽ ആയിരുന്നു എന്നുള്ളതല്ലേ?

പ്രാചീന മണിപ്രവാള കൃതികളിൽ നിന്ന് അന്നത്തെ കമ്പോളവ്യവസ്ഥിതിയിൽ രണ്ടുതരം വിനിമയസമ്പ്രദായങ്ങൾ ഉണ്ടെന്നതാണ് നമുക്ക് മനസ്സിലാക്കാൻ പറ്റുന്ന വസ്തുത. സാധനകൈമാറ്റ വ്യവസ്ഥയും നാണയവ്യവസ്ഥയും. ഇതിൽ നിന്ന് ഒരു കാര്യം വ്യക്തമാണ്. പ്രാദേശികമായി തദ്ദേശിയർ സാധനകൈമാറ്റങ്ങളും നടത്തിയതിനൊപ്പം വിദേശികളായ ആൾക്കാരുമായോ, കേരളത്തിന് പുറമേ നിന്നുള്ള കച്ചവടക്കാരുമായോ ഉള്ള വിനിമയത്തിൽ നാണയമായിരുന്നു ഉപയോഗിച്ചിരുന്നത്. അവരുടെ സൗകര്യാർത്ഥമോ യാത്രാ സൗകര്യാർത്ഥമോ ആയിരിക്കാം ചിലപ്പോൾ ഇങ്ങനെ ഒരു സമ്പ്രദായം സ്വീകരിച്ചത്. മണിപ്രവാളകൃതികളിൽ നിന്ന് ഈ വിവരം ലഭിക്കാൻ കാരണം അവർ പുരാണഇതിഹാസ ഇതിവൃത്തത്തെ ഉപേക്ഷിച്ച് സമകാലികമായ ഇതിവൃത്തത്തെ സ്വീകരിച്ചു എന്നതാണ്. സമകാലികമായ ഇതിവൃത്തം സ്വീകരിച്ചതുകൊണ്ടാണ് കേരളചരിത്ര സംബന്ധമായ വിവരങ്ങൾ എല്ലാം നമുക്ക് അതിൽ നിന്ന് ലഭ്യമാകുന്നത്. കൃതി സമകാലികമാകുമ്പോഴോ ആ എഴുതിയ കാലഘട്ടത്തെ പ്രതിനിധീകരിക്കുമ്പോഴോ മാത്രമേ അന്നത്തെ സാമ്പത്തിക വ്യവസ്ഥയെക്കുറിച്ച് അറിയാൻ പറ്റൂ. അതിൽ നൂറുശതമാനവും സത്യസന്ധത പുലർത്തുന്ന മണിപ്രവാളകൃതികൾ. ഇതിൽ കൈമാറ്റവ്യവസ്ഥിതിയും നാണയവ്യവസ്ഥിതിയും ഉള്ളതിൽ യാതൊരു അതിശയോക്തിയും ഇല്ലെന്ന് ഉറപ്പിച്ചു പറയാം. കാരണം അവർ നായികാവർണ്ണനയ്ക്ക് വേണ്ടിയല്ല അങ്ങാടികൾ വർണ്ണിച്ചത് തികച്ചും സാമ്പത്തികസ്ഥിതിയുടെ വിവരണത്തിന് വേണ്ടിയാണ്.

ചരിത്രരേഖകളിൽ ചരിത്രകാരന്മാർ പറയുന്നത് കേരളത്തിലെ നാണയങ്ങൾ പലതും വിദേശീയ നാണങ്ങളാണെന്നാണ്. അത് വിദേശിയർ വന്നതിന് തെളിവായി സ്വീകരിക്കാം എന്നല്ലാതെ ഇവിടുത്തെ കച്ചവടത്തിന് ആ നാണയങ്ങൾ ഉപയോഗിച്ചതായി തെളിവില്ല.

ബി.സി. 27 – എ.ഡി. 68 കാലത്തെ റോമൻ നാണയങ്ങൾ കേരളത്തിൽ നിന്ന് കണ്ടെടുത്തപ്പോഴും നമ്മുടെ മണിപ്രവാളകൃതികളിലെല്ലാം തദ്ദേശീയ നാണയങ്ങളുടെ നൂറുകണക്കിന് പേര് പറയുമ്പോൾ വൈദേശിക നാണയം അല്ല കേരളത്തിന് തനതായ നാണയങ്ങൾ ആ കാലഘട്ടത്തിൽ ഉണ്ടായിരുന്നു എന്നത് വ്യക്തമാകുന്നു. വൈദേശിക നാണയങ്ങൾ ഇവിടെ വിനിമയത്തിനായി ഉപയോഗിച്ചിരുന്നതായി ഒരു രേഖയുമില്ല. എന്നാൽ മണിപ്രവാള കാലഘട്ടത്തിൽ നൂറു കണക്കിന് നാണയങ്ങളുടെ പേര് പറയുകയും അത് വിനിമയം ചെയ്തിരുന്നതായും പറയുന്നു. അതിനാൽ തന്നെ കേരളത്തിന് തനതായ നാണയവ്യവസ്ഥ ഉണ്ടായിരുന്നു എന്നുള്ളതാണ് തെളിയുന്നത്. മണിപ്രവാള കൃതികളിൽ പരാമർശിക്കപ്പെടുന്നദേശങ്ങളും സ്ഥലങ്ങളും ഇന്ന് ഉണ്ടെന്നുള്ളത് യാഥാർത്ഥ്യമാണെന്നിരിക്കെ അതിൽ പറയുന്ന നാണയങ്ങളും ഉണ്ടെന്നുള്ളത് സത്യമാണ്. അതുകൊണ്ടായിരിക്കുമല്ലോ പ്രാചീന സാമ്പത്തിക ശാസ്ത്രം എന്ന പുകൾകൊള്ളുന്ന കൗടലീയന്റെ അർത്ഥശാസ്ത്രം ഇന്ത്യയിൽ ആദ്യമായി വിവർത്തനം ചെയ്ത ഭാഷ മലയാളവും പ്രദേശം കേരളവും ആയത്.

**കുറിപ്പുകൾ**

1. ഗോപിനാഥൻ നായർ എൻ., (2016), ഉണ്ണിയാടീചരിതം, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, പുറം:12.
2. അതേപുസ്തകം, പുറം:105.


ISSN: 2582 - 2594

3. രത്നമ്മ കെ., (1997), അനന്തപുരവർണനം പാഠവും പഠനങ്ങളും, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പുറം:16.
4. അതേപുസ്തകം, പുറം:32.
5. അതേപുസ്തകം, പുറം:32.
6. അതേപുസ്തകം, പുറം:102.
7. അതേപുസ്തകം, പുറം:33.
8. കുഞ്ഞൻപിള്ള ഇളകുളം, (1995), ഉണ്ണുനീലിസന്ദേശം, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം: പുറം:123.

## ആധാരസൂചി


1. കുഞ്ഞൻപിള്ള ഇളകുളം, (1995), ഉണ്ണുനീലിസന്ദേശം, കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ.
2. ഗോപിനാഥൻ നായർ എൻ., (2016), ഉണ്ണിയാടീചരിതം, കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം.
3. രത്നമ്മ കെ., (1997), അനന്തപുരവർണനം പാഠവും പഠനങ്ങളും, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.